"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - ട്രഷറി സ്ഥിരനിക്ഷേപത്തിൽ നിന്നും നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിനുള്ള ക്രമീകരണത്തിന് ഇളവ് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

ധനകാര്യ (സ്ട്രീംലൈനിംഗ് )വകുപ്പ്

G.O.(Rt)No.915/2026/FIN തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി )നം.125/2025/ധന തീയതി : 10/09/2021
2. ഇൻഫർമേഷൻ കേരള മിഷൻ [IKM] എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/05/2024, 09/09/2024 ലെ ഐ.കെ.എം/എ7/ 905/2020 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ട്രഷറി സ്ഥിരനിക്ഷേപത്തിൽ നിന്നും പരമാവധി രണ്ട് ഭാഗികമായ പിൻവലിക്കുലുകൾ മാത്രമേ അനുവദിക്കുകയുള്ളൂ. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും മെമ്പർഷിപ്പ് ഫീ ഇനത്തിൽ IKM ന് ലഭിച്ചതും ട്രഷറിയിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിട്ടുള്ളതുമായ 51,41,00,000 /- രൂപയിൽ നിന്നും എട്ട് കോടി രൂപ ഐ.കെ.എന്റെ ഭരണച്ചെലവുകൾക്കായി മൂന്നമതൊരു ഭാഗിക പിൻ വലിക്കൽ നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ [IKM] എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു .

2]. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും മെമ്പർഷിപ്പ് ഫീ ഇനത്തിൽ IKM ന് ലഭിച്ചതും, ട്രഷറിയിൽ സ്ഥിര നിക്ഷേപമായി (FD Number: JL1104336 dtd 12.04.2024) സൂക്ഷിച്ചിരുന്ന 51,41,00,000/- രൂപയിൽ നിന്നും രണ്ട് ഭാഗിക പിൻവലിക്കലുകൾക്കു ശേഷമുള്ള തുകയിൽ നിന്നും, 5 കോടി രൂപ മാത്രം മൂന്നാമതൊരു തവണയായി, ഭാഗിക പിൻവലിക്കൽ നടത്തുന്നതിനുള്ള അനുമതി, പരാമർശം (1) ലെ ഉത്തരവിൽ ഇളവ് നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു .

3]. ഇതു സംബന്ധിച്ച തുടർ നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ച് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SURESH KUMAR O B
JOINT SECRETARY

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

വെള്ളയമ്പലം സബ് ട്രഷറി (ട്രഷറി ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ സെക്രട്ടറി , ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ, പബ്ലിക് ഓഫീസ് കോംപ്ലക്സ് ,തിരുവനന്തപുരം- 695033

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E 2814838 ).

ഉത്തരവിൻ പ്രകാരം

K Namitha

സെക്ഷൻ ഓഫീസർ